(ബി) എങ്കിൽ ഈ പ്രത്യേക വിഭാഗം രൂപീകരിക്കുന്നതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മത-സാമൂഹ്യ- സാംസ്കാരിക സംഘടനകൾക്ക് വിദേശത്ത് നിന്നും ലഭിക്കുന്ന പണത്തിന്റെ വിനിയോഗത്തെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദ വിവരം അറിയിക്കാമോ;

(ഇ) വിദേശത്ത് നിന്നും ലഭിക്കുന്ന പണം പ്രസ്തുത സംഘടനകൾ ഭീകര-വിധ്വംസക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടോ എന്ന് സർക്കാർ അന്വേഷിച്ചിട്ടുണ്ടോ;

(എഫ്) ഇതുസംബന്ധിച്ച് സംസ്ഥാന ഇന്റലിജൻസ് വിഭാഗം നടത്തിയ അന്വേഷണ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)* :

(എ) നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഒന്നിലധികം സംസ്ഥാനങ്ങളുടെ രഹസ്യാന്വേഷണ ഏജൻസികൾക്ക് പരസ്പരം താൽപ്പര്യമുള്ള വിവരങ്ങൾ സംയോജിപ്പിച്ച് വേഗത്തിൽ കൈമാറുകയും അതിനോടനുബന്ധിച്ചുള്ള ഓപ്പറേഷനുകൾ നടത്തുകയും എന്നതാണ് പ്രത്യേക വിഭാഗം രൂപീകരിക്കുന്നതിന്റെ ഉദ്ദേശ്യം.

(സി) & (ഡി) വിദേശത്തുനിന്ന് ലഭിക്കുന്ന ധനസഹായം നിയന്ത്രിക്കുന്നതും അതിന്റെ കണക്കുകൾ പരിശോധിക്കുന്നതും ഫോറിൻ കോൺട്രിബ്യൂഷൻ റഗുലേഷൻ ആക്ട് പ്രകാരം കേന്ദ്ര ആഭ്യന്തര മന്ത്രാലയമാണ്. ആയതിനാൽ സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ പ്രത്യേക അന്വേഷണം നടത്തിയിട്ടില്ല.

(ഇ) ഭീകര വിധ്വംസക പ്രവർത്തനങ്ങൾക്ക് വൻതുകകൾ വിനിയോഗിക്കുന്നുണ്ടോയെന്ന് സംസ്ഥാന ഇന്റലിജൻസ് വകുപ്പ് അന്വേഷിക്കാറുണ്ട്.

(എഫ്) കേരളത്തിലെ മത-സാമൂഹ്യ-സാംസ്കാരിക സംഘടനകൾ ഭീകര-വിധ്വംസക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതായി വിവരം ലഭിച്ചിട്ടില്ല.

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള വ്യവസ്ഥകൾ

*24 [23] *ശ്രീ. വി. കെ. ചന്ദ്രൻ* :

„ *എ. കെ. ബാലൻ* :

„ *രാജു എബ്രഹാം* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള വ്യവസ്ഥകളിൽ മാറ്റം വരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം അറിയിക്കാമോ;

(സി) പുതിയ വ്യവസ്ഥകൾമൂലം വിദ്യാർത്ഥികൾ നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സ്റ്റൈപ്പന്റ് ലഭിക്കാത്തതിനാൽ സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന പിന്നോക്ക വിഭാഗം വിദ്യാർത്ഥികളുടെ പഠനം മുടങ്ങിയതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികവും വകുപ്പുമന്ത്രി *(ശ്രീ. എ. പി. അനിൽകുമാർ)*:

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

(ഡി) സ്റ്റൈപ്പന്റ് ലഭിക്കാത്തതിനാൽ പഠനം മുടങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഹർത്താലുകളും ജാഥകളും നിയന്ത്രിക്കാൻ നടപടി

*25 [24] *ശ്രീ. തമ്പാനൂർ രവി :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന തരത്തിൽ തുടർച്ചയായി നടത്തുന്ന ഹർത്താൽ നിരോധിക്കുന്നതിനോ, നിയന്ത്രിക്കുന്നതിനോ, ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഒരു ദിവസത്തെ ഹർത്താൽമൂലം സംസ്ഥാനത്തുണ്ടാകുന്ന നഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് അറിയിക്കാമോ;

(സി) സെക്രട്ടേറിയറ്റിനു മുന്നിൽ പൊതുജനങ്ങൾക്ക് നിത്യേന ബുദ്ധിമുട്ടുണ്ടാക്കുന്ന തരത്തിലുള്ള ജാഥകളും സമരങ്ങളും നിയന്ത്രിക്കുവാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)* :

(എ) പൊതുജനങ്ങളെ ബുദ്ധിമുട്ടിപ്പിക്കുന്ന തരത്തിൽ തുടർച്ചയായി നടത്തുന്ന ഹർത്താൽ നിരോധിക്കുന്നതോ, നിയന്ത്രിക്കുന്നതോ സംബന്ധിച്ച് നിർദ്ദേശങ്ങൾ ഒന്നും ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ ഹർത്താൽ ആഹ്വാനം ചെയ്യപ്പെടുന്ന ദിവസങ്ങളിൽ പൊതുജനങ്ങളുടെ ജീവനും സ്വത്തിനും മതിയായ സംരക്ഷണം നൽകുകയും, പൊതുജനങ്ങൾക്ക് നിർഭയം സഞ്ചരിക്കുന്നതിനുവേണ്ട ആവശ്യമായ എല്ലാ

LIBRARY ARCHIVES Kerala Legislative Assembly